"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കായലുകൾ, പുഴകൾ എന്നിവയിൽ സ്ഥാപിക്കുന്ന കുറ്റികൾ, വലകൾ എന്നിങ്ങനെയുള്ള ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളി, സഹകരണ സംഘങ്ങൾ എന്നിവർക്ക് നൽകുന്നതിനെ സംബന്ധിച്ച് ആവശ്യമായ പഠനം നടത്തി തീരുമാനമെടുക്കാൻ വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.874/2023/F&P തീയതി, തിരുവനന്തപുരം, 03-11-2023

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 09/10/2023 തീയതിയിലെ DFTVM/3611/2021-C3 നമ്പർ കത്ത്.

**ഉത്തരവ്**

കായലുകൾ, പുഴകൾ എന്നിവയിൽ സ്ഥാപിക്കുന്ന കുറ്റികൾ, വലകൾ എന്നിങ്ങനെയുള്ള ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളി, സഹകരണ സംഘങ്ങൾ എന്നിവർക്ക് നൽകുന്നതിനെ സംബന്ധിച്ച് മത്സ്യബന്ധന വകുപ്പ് ആവശ്യമായ പഠനം നടത്തി തീരുമാനമെടുക്കാൻ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി(2016-19)യുടെ എട്ടാമത് റിപ്പോർട്ടിലെ 59-ാമത് ഖണ്ഡികയിൽ ശിപാർശ ചെയ്തിരുന്നു. സമിതിയുടെ ശിപാർശ പ്രകാരമുള്ള വിദഗ്ധ സമിതി രൂപീകരിക്കുന്നതിനായി സമിതിയിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ ലിസ്റ്റ് പരാമർശ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കായലുകൾ, പുഴകൾ എന്നിവയിൽ സ്ഥാപിക്കുന്ന കുറ്റികൾ, വലകൾ എന്നിങ്ങനെയുള്ള ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളി, സഹകരണ സംഘങ്ങൾ എന്നിവർക്ക് നൽകുന്നതിനെ സംബന്ധിച്ച് പഠനം നടത്തി തീരുമാനമെടുക്കുന്നതിനായി താഴെപ്പറയും പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | തസ്തിക | ഓഫീസ് | റിമാർക്സ് |
|---|---|---|---|---|
| 1 | ഡോ.പത്മകുമാർ | പ്രൊഫസർ (റിട്ടയേർഡ്) | കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി | ചെയർമാൻ |
| 2 | ഡോ.സഹദേവൻ പി. | മാനേജിംഗ് ഡയറക്ടർ | മത്സ്യഫെഡ് | സമിതി അംഗം |
| 3 | ശ്രീ.എസ്.മഹേഷ് | ഫിഷറീസ് ജോയിന്റ് ഡയറക്ടർ (CZ) | ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം | സമിതി അംഗം |

| | | | | |
|---|---|---|---|---|
| 4 | ശ്രീമതി രമണി കെ.എസ്. | ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ഫിഷറീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് | ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | സമിതി അംഗം |
| 5 | ശ്രീ.സലീം എച്ച്. | ഫിഷറീസ് ജോയിന്റ് ഡയറക്ടർ (Inland) | ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | സമിതി അംഗം |
| 6 | ഡോ.ജോൺ കുര്യൻ | വിസിറ്റിംഗ് പ്രൊഫസർ | ആസിം പ്രേംജി യൂണിവേഴ്സിറ്റി | സമിതി അംഗം |
| 7 | ശ്രീ.ഇഗ്നേഷ്യസ് മൺട്രോ | ജോയിന്റ് ഡയറക്ടർ | മാനേജിംഗ് ഡയറക്ടർ ADAK | കൺവീനർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ